# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വനങ്ങളുടെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിന് കർമ്മ പരിപാടി</u>

2164 ശ്രീ. എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വനവല്‍ക്കരണം പദ്ധതി</u>

2165 ശ്രീ. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനവല്‍ക്കരണത്തിന്റെ ഭാഗമായി സര്‍ക്കാര്‍ ഓഫീസുകളിലും, സ്കൂളുകളിലും ആശുപത്രികളിലും ലഭ്യമായ സ്ഥലങ്ങളില്‍ മരങ്ങള്‍ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കില്‍ അതിന് ഏര്‍പ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ചെടികള്‍ വച്ച് പിടിപ്പിക്കുന്നതോടൊപ്പം അതിന്റെ പരിപാലനത്തിനും ആവശ്യമായ സംവിധാനമേര്‍പ്പെടുത്തുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വനം വകുപ്പിൽ ഫയലുകൾ തീർപ്പാക്കുന്നതിന് പദ്ധതി</u>

2166 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഭൂരിഭാഗം ഫയലുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കാൻ നടപടി

2167 ശ്രീ. സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവാസികളുടെയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടെയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി വന്യജീവിശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പ് വരുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ഹരിത കേരളം പദ്ധതി</u>

2168 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഹരിത കേരളം' എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഹരിതാഭമാക്കാനും സമഗ്ര വൃക്ഷവൽക്കരണത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഹരിത കേരളം പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

അയ്യമ്പുഴ, മൂക്കന്നൂർ പഞ്ചായത്തുകളിൽ ഇലക്ട്രിക് ഫെൻസിംഗ്

2169 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പ്ലാന്റേഷൻ, ചുള്ളി, പാണുപാറ, കണ്ണിമംഗലം, അയ്യമ്പുഴ തുടങ്ങിയ സ്ഥലങ്ങളിലെയും മൂക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറ എന്ന പ്രദേശത്തും കാട്ടാനകളുടെയും കാട്ടുമൃഗങ്ങളുടെയും ആക്രമണം രൂക്ഷമായതു സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടും ഇലക്ട്രിക് ഫെൻസിങ്ങ് ഉൾപ്പെടെയുള്ള സംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ എന്നത്തേക്ക് സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പിള്ളത്തോട് ചെക്ക് ഡാം</u>

2170 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ പിള്ളത്തോട് ചെക്ക് ഡാം പണിയുന്നതിന് അനുമതിക്ക് വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി പ്രസ്തുത ഡാം അടിയന്തരമായി പണിയുന്നതിന് അനുമതി നൽകാമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കച്ചേരിക്കടവ് പാലം പണിയുന്നതിന് സമ്മതപത്രം</u>

2171 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ കച്ചേരിക്കടവ് പാലം പണിയുന്നതിന് വനം വകുപ്പ് അധികൃതരുടെ സമ്മതപത്രം ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കത്ത് നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

(സി) എത്രയും വേഗം സമ്മതപത്രം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വനം വകുപ്പിന്റെ ഓഫീസ് മാറ്റം</u>

2172

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വനം വകുപ്പിന്റെ ദക്ഷിണ മേഖലാ ചീഫ് കൺസർവേറ്റർ ആഫീസ് പത്തനാപുരത്തേയ്ക്ക് മാറ്റുന്നതിനെതിരെ നമ്പർ.340/പി. കെ.ജി./കെ.എൽ.എം./2013, തീയതി 4.11.2013-ൽ എം.എൽ.എ നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വനം വകുപ്പിലെ പെൻഷൻ കേസ്സുകൾ</u>

2173 ശ്രീ. എം. എ. വാഹീദ്
,, എ. റ്റി. ജോർജ്ജ്
,, സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ എല്ലാ പെൻഷൻ കേസ്സുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ബീറ്റ് ഫോറസ്റ്റ് ഓഫീസര്‍, സെക്ഷന്‍ ഫോറസ്റ്റ് ഓഫീസര്‍ എന്നീ തസ്തികളിലെ നിയമനം

2174 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം വനം വകുപ്പില്‍ എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസര്‍മാരെയും സെക്ഷന്‍ ഫോറസ്റ്റ് ഓഫീസര്‍മാരെയും നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മേല്‍പ്പറഞ്ഞ തസ്തികകളില്‍ നിയമനം ലഭിച്ച എത്ര പേര്‍ പ്രസ്തുത ജോലിയില്‍ നിന്നും വിടുതല്‍ ചെയ്ത് പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വനം വകുപ്പില്‍ സെക്ഷന്‍ ഫോറസ്റ്റ് ഓഫീസര്‍, ബീറ്റ് ഫോറസ്റ്റ് ഓഫീസര്‍ തസ്തികകളില്‍ എത്ര ഒഴിവുകള്‍ വീതമുണ്ടന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഒഴിവുകള്‍ എന്ന് നികത്താനാവുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ഇടുക്കിജില്ലയിലെ ഫോറസ്റ്റ് ഗാർഡ് നിയമനം

2175 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ നിയമനം നൽകുന്നതിനായി ഇടുക്കി ജില്ലയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ;

(ബി) ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ ഇടുക്കിയിൽ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഒഴിവുകളിലേക്കും നിയമന ഉത്തരവ് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(ഡി) നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കക്കയം വനാതിർത്തിയിലെ വന്യജീവി ആക്രമണം</u>

2176 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം വനാതിർത്തിയോട് ചേർന്ന് കൃഷിയിടങ്ങളിൽ വ്യാപകമായ വന്യജീവി ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് പ്രദേശങ്ങളിൽ ശല്യക്കാരായ കുരങ്ങുകളെ പിടിച്ചുകൊണ്ടുവന്ന് ഇവിടെ ഉപേക്ഷിക്കുന്ന രീതി നിർത്തലാക്കാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>റാണീപുരം മേഖലയിൽ വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന കൃഷിനാശം</u>

2177 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ റാണീപുരം മേഖലയിൽ വന്യമൃഗങ്ങളുടെ ശല്യത്തിൽ വ്യാപകമായി കൃഷിനാശം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം എന്ന നിലയിൽ ഈ പ്രദേശത്ത് സൗരോർജ്ജവേലി നിർമ്മിക്കണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജനകീയപങ്കാളിത്തത്തോടെ പരിസ്ഥിതിസംരക്ഷണം</u>

2178 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ആവാസവ്യവസ്ഥയെയും, കൃഷിയെയും, ദൈനംദിനജീവിതവ്യാപാരങ്ങളെയും ബാധിക്കാതെ ജനകീയപങ്കാളിത്തത്തോടെ പരിസ്ഥിതിസംരക്ഷണം ഉറപ്പാക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) പശ്ചിമഘട്ടസംരക്ഷണത്തിന് ഡോ. കസ്തൂരിരംഗൻ സമിതി റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച രണ്ടു വിജ്ഞാപനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ആദ്യവിജ്ഞാപനത്തിലെ ഏതെല്ലാം ഖണ്ഡികകൾ ഇപ്പോഴും യാതൊരു മാറ്റവുമില്ലാതെ നിലനിൽക്കുന്നുണ്ട്; അതിന്മേലുള്ള ജനങ്ങളുടെ ആശങ്ക വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സ്വീകരിച്ച നടപടി

2179 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന്റെ ആവശ്യപ്രകാരം സംസ്ഥാന സർക്കാർ അറിയിച്ച അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ കേന്ദ്ര സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയാമോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ക്വാറികൾ പ്രവർത്തിപ്പിക്കാൻ അനുമതി</u>

2180 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാറമടകൾ/ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ പാരിസ്ഥിതികാനുമതി ആവശ്യമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിയമവശം വിശദമാക്കുമോ;

(ബി) നിലവിൽ പരിസ്ഥിതി വകുപ്പിന്റെ/എസ്. ഇ. ഐ. എ. എ. യുടെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) അപേക്ഷിച്ച് നിശ്ചിത ദിവസത്തിനകം അപേക്ഷയിന്മേൽ തീർപ്പുകൽപിക്കണമെന്ന് വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മൊബൈൽ ടവറുകളുടെ നിയന്ത്രണം</u>

2181 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ടവറുകൾ ഗുരുതരമായ പൊതുജനാരോഗ്യപ്രശ്നങ്ങൾ ഉയർത്തുമെന്ന കാര്യം പരിഗണിച്ച് അവയിൻമേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം എന്തെങ്കിലും നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നല്കിയ നിർദ്ദേശങ്ങൾ ഏതെങ്കിലും സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) 2400 മെഗാഹെട്സ് ശേഷിയുള്ള 4ജി മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

തീരപ്രദേശത്ത് കണ്ടൽചെടികളുപയോഗിച്ചുള്ള ജൈവവേലി

2182

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശത്ത് കണ്ടൽചെടികളുപയോഗിച്ചുള്ള ജൈവവേലി നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ സുനാമിയോടൊപ്പം തീരത്തടിഞ്ഞതുൾപ്പെടെയുള്ള ധാതുമണൽ ശേഖരം നഷ്ടപ്പെട്ടുപോകാതിരിക്കാനും കൂടുതൽ മണൽ ശേഖരം അടിഞ്ഞുകൂടാനും കണ്ടൽവേലി അനിവാര്യമാണെന്ന അഭിപ്രായം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) തീരപ്രദേശത്തിന്റെ പാരിസ്ഥിതിക സംരക്ഷണമുൾപ്പെടെയുള്ള നടപടികളിൽ കണ്ടൽവേലിക്കുള്ള പ്രാധാന്യവും പ്രായോഗികതയും സംബന്ധിച്ച സർവ്വേ നടത്തുന്നതിന് ഒരു വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കണ്ടല്‍ വനങ്ങള്‍</u>

2183 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തീരപ്രദേശങ്ങളില്‍ കണ്ടല്‍ പ്രദേശങ്ങള്‍ എത്രത്തോളമുണ്ടെന്നതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കില്‍ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കണ്ടല്‍ വനങ്ങള്‍ നിലവിലുള്ള തീരവും, മറ്റു തീരങ്ങളും തമ്മില്‍ പ്രകൃതിപരമായും, പാരിസ്ഥിതികമായുമുള്ള വ്യത്യാസങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കില്‍ വിശദവിവരം നല്കാമോ ;

(സി) ഇല്ലെങ്കില്‍ അത്തരമൊരു പഠനത്തിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വീയപുരം ഇക്കോ–ടൂറിസം പദ്ധതി</u>

2184 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വീയപുരം തടി ഡിപ്പോയോടനുബന്ധിച്ച് ഇക്കോ–ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ</u>

2185 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തിരഞ്ഞെടുത്ത ഇനങ്ങളിൽ പ്രതിഭയുള്ള കായിക താരങ്ങളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സെന്ററിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

കായികതാരങ്ങൾക്ക് സാമ്പത്തിക സഹായം

2186 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ അന്തർദേശീയ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുളള എത്ര കായികതാരങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായമുൾപ്പെടെയുള്ള വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ എത്ര പേർക്ക് നൽകിയെന്നും എത്ര പേർക്ക് സഹായം ലഭിക്കാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ബാക്കിയുള്ളവർക്ക് സഹായം എപ്പോൾ നൽകുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കളരി അക്കാദമി</u>

2187 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ആയോധന കലയായ കളരിപ്പയറ്റ് മുതലായ കാര്യങ്ങൾ പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള കളരി അക്കാദമിക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ആട്യാപാട്യാ ഗെയിമിന് സ്പോർട്സ് കൗൺസിൽ അംഗീകാരം</u>

2188

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആട്യാപാട്യാ ഗെയിമിന് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ആട്യാപാട്യാ എന്നത് കിളിത്തട്ട് കളിയുടെ പരിഷ്കരിച്ച രൂപമാണെന്നുള്ളത് മനസ്സിലാക്കാതെ കേരളാ സ്പോർട്സ് കൗൺസിൽ ആട്യാപാട്യാ അസോസിയേഷന് അംഗീകാരം നൽകാതിരിക്കുന്നു എന്ന് ആരോപിച്ച് മുഖ്യമന്ത്രിക്ക് സംഘടന നൽകിയ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പറളിയിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണം</u>

2189 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായികരംഗത്ത് ഏറ്റവും കൂടുതൽ കുട്ടികൾ ദേശീയ തലത്തിൽ അവാർഡുകൾ വാങ്ങിക്കൂട്ടുന്നത് പാലക്കാട് ജില്ലയിലെ പറളിയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി എങ്കിൽ ഈ പ്രദേശത്തെ സ്കൂളുകളിലെ കുട്ടികൾക്ക് പരിശീലനത്തിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പറളിയിൽ പരിശീലനത്തിനായി ഒരു സിന്തറ്റിക് ട്രാക്ക് പോലുമില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പറളി പ്രദേശത്ത് നിലവിലുള്ള സ്കൂളിനോട് ചേർന്നുള്ള ഗ്രൗണ്ടിന് ഒരു സിന്തറ്റിക് ട്രാക്ക് പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികൾക്കായി പ്രത്യേക സ്പോർട്സ് പാക്കേജ്</u>

2190 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് മേഖലയിൽ രാജ്യാന്തരതലങ്ങളിൽ നേട്ടം കൊയ്യുന്ന പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികൾക്കായി എന്തെല്ലാം പ്രത്യേക പാക്കേജുകൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അന്താരാഷ്ട്ര മെഡൽ ജേതാക്കളായ വിദ്യാർത്ഥികളെ ഏഷ്യൻ ഗെയിംസ്, ലോകഅത്‌ലറ്റിക് മീറ്റ്, ഒളിംപിക്സ് മുതലായ വേദികളിലേയ്ക്ക് എത്തിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്കൂള്‍ കായികമേളാ വിജയികള്‍ക്കുള്ള ക്യാഷ് അവാര്‍ഡ്</u>

2191 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 സാമ്പത്തിക വര്‍ഷത്തില്‍ ഇറ്റാവയില്‍വച്ചു നടന്ന സ്കൂള്‍ കായികമേളയില്‍ വിജയികളായ കായിക താരങ്ങള്‍ക്ക് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്ന ക്യാഷ് അവാര്‍ഡ് ഇനിയും വിതരണം ചെയ്യാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തില്‍പ്പെട്ട ഗോപിക നാരായണന ടക്കമുള്ള വിജയികള്‍ക്ക് ക്യാഷ്പ്രൈസ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കായംകുളത്ത് മൾട്ടിപ്ലെക്സ് തീയേറ്റർ</u>

2192 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് മൾട്ടിപ്ലെക്സ് തീയേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിലേക്ക് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി.യുടെ ടിക്കറ്റേതര വരുമാനം</u>

2193 ശ്രീ. കെ. രാധാകൃഷ്ണന്‍
,, വി. ശിവന്‍കുട്ടി
ശ്രീമതി കെ. കെ. ലതിക
ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി.യുടെ ടിക്കറ്റേതര വരുമാനത്തിന്റെ സ്രോതസ്സുകളേതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ടിക്കറ്റേതര വരുമാനം വര്‍ദ്ധിപ്പിക്കുന്നതിന് കെ.എസ്.ആര്‍.ടി.സി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തില്‍ കഴിഞ്ഞ 5 വര്‍ഷത്തെ വരുമാനം വര്‍ഷാടിസ്ഥാനത്തില്‍ എത്ര വീതമാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ വരുമാനം കുറയുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ആര്‍.ടി.സി.ബസ്സുകളിലും ബസ്സ്റ്റാന്‍ഡിലും പരസ്യം നല്‍കുന്നതിന് ആവശ്യമായ ടെന്‍ഡറുകള്‍ യഥാസമയം പുറപ്പെടുവിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കില്‍ ഇക്കാര്യത്തില്‍ വീഴ്ച വരുത്തിയവര്‍ക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജി) ജി.പി.എസ്. സംവിധാനം ഏര്‍പ്പെടുത്തുന്നത് വഴി എത്ര കോടിയുടെ വരുമാനമാണ് പ്രതീക്ഷിച്ചിരുന്നത് ; ഇതിന് മുന്‍ സര്‍ക്കാര്‍ സ്വീകരിച്ചതിന്റെ തുടര്‍നടപടികള്‍ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ലെ പ്രതിസന്ധി പരിഹരിക്കാൻ പുതിയ പദ്ധതി

2194 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി യെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ സ്വകാര്യ വർക്കുഷോപ്പുകളിലെ അറ്റകുറ്റപണി</u>

2195 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി യുടെ വാഹനങ്ങൾ എല്ലാം അറ്റകുറ്റപ്പണി നടത്തുന്നത് അവരുടേതായ വർക്ക്ഷോപ്പുകളിൽ തന്നെയാണോയെന്നും, അതല്ലെങ്കിൽ മറ്റ് എവിടെയൊക്കെയാണെന്നും, അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ബി) ഓരോ വർഷവും ഇത്തരത്തിൽ വാഹനങ്ങൾ പുറത്ത് പണി നടത്തുന്നതിന് എന്തു തുകയാണ് ചെലവാകുന്നത്;

(സി) കെ. എസ്. ആർ. ടി. സി യുടെ വാഹനങ്ങൾ പുറത്ത് വർക്ക്ഷോപ്പുകളിൽ പണി ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ;

(ഡി) സംസ്ഥാനത്തെ ഏറ്റവും വലിയ ഫ്ളീറ്റുള്ള കെ. എസ. ആർ. ടി. സി., വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് പുറം വർക്കുഷോപ്പുകളെ ആശ്രയിക്കുന്ന സംവിധാനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കുള്ള വാഹന സൗകര്യം

2196

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് യാത്രാപാസ്സിന് പുറമേ മറ്റ് വാഹന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്;

(ബി) സാമ്പത്തിക ഞെരുക്കത്തിലും ഇത്തരത്തിൽ വാഹനങ്ങൾ അനുവദിച്ച് നൽകുന്നത് നീതിയുക്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. പാസ് വിതരണം</u>

2197 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ എത്ര പേർക്ക് ഫീസ് ഈടാക്കി യാത്രാ പാസ് നൽകിയിട്ടുണ്ട്;

(ബി) എങ്കിൽ ആ വകയിൽ നിന്നും കെ.എസ്.ആർ.ടി. സി.യ്ക്ക് ലഭിച്ച തുക ഓരോ ഇനവും പട്ടിക തിരിച്ച് കാലയളവ് കാണിച്ച് വെളിപ്പെടുത്താമോ?

(സി) പാസ് നൽകിയിട്ടുള്ളവരിൽ നിന്നും പ്രതിവർഷ ഫീസായി എന്ത് തുക ഈടാക്കി;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ലഭിച്ച തുക പ്രതിവർഷക്കണക്കിൽ പേരുവിവരം സഹിതം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിലെ യാത്രാ പാസ്സ്</u>

2198 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി യിൽ നിന്നും പെൻഷനായവർക്കെല്ലാം ഒരേ രീതിയിലുള്ള യാത്രാപാസ്സാണോ നൽകിവരുന്നത്; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) എക്സിക്യൂട്ടീവ് ഡയറക്ടർമാർ ഉൾപ്പെടെയുള്ള ഉന്നത തസ്തികകളിൽ നിന്നും പെൻഷൻ പറ്റുന്നവർക്ക് നൽകുന്ന സൗജന്യ യാത്രാ പാസിന് അധിക ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിൽ പഞ്ചിംഗ് സംവിധാനം</u>

2199 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ പഞ്ചിംഗ് സംവിധാനം എപ്പോഴെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) അത് ഇപ്പോഴും പ്രവർത്തനക്ഷമമാണോയെന്നും അല്ലെങ്കിൽ എന്തുകൊണ്ടാണ് എന്നും വ്യക്തമാക്കുമോ;

(സി) നഷ്ടം കുറയ്ക്കുന്നതിന്റെയും പ്രവർത്തനം സുഗമമാക്കുന്നതിന്റെയും ഭാഗമായി പഞ്ചിംഗ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിൽനിന്നും ഡെപ്യൂട്ടേഷൻ</u>

2200 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽനിന്ന് ജീവനക്കാർ ബിവറേജസ് കോർപ്പറേഷൻ, കെ. ടി. ഡി. എഫ്. സി. തുടങ്ങിയ ബോർഡുകളിലും കോർപ്പറേഷനുകളിലും ഡെപ്യൂട്ടേഷന് അപേക്ഷിക്കാറുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകൾ കെ. എസ്. ആർ. ടി. സി. അംഗീകരിക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര ജീവനക്കാർക്ക് പുറം സ്ഥാപനങ്ങളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോകുന്നതിന് അനുമതി നൽകിയെന്ന് അറിയിക്കുമോ;

(സി) ഡെപ്യൂട്ടേഷൻ അനുമതി ലഭിച്ചവരുടെ സൗജന്യയാത്രാപാസ് കെ. എസ്. ആർ. ടി. സി. റദ്ദ് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ കേസിലും എന്നുമുതലാണ് റദ്ദ് ചെയ്തതെന്നും ഇവർക്ക് ആർക്കെങ്കിലും പ്രസ്തുത പാസ് പുന:സ്ഥാപിച്ച് നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഇ) പുന:സ്ഥാപിച്ച് നൽകിയിട്ടുണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യിൽനിന്നും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടവർ</u>

2201 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽനിന്നും എത്ര ജീവനക്കാരെയും, ഉദ്യോഗസ്ഥരെയും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ചിട്ടുണ്ട് ; അത് സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) ഇവരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ; അലേലെങ്കിൽ ഏതു വ്യവസ്ഥ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുന്നവർക്ക് കെ.എസ്.ആർ.ടി.സി.യിൽ ജോലി ചെയ്യുമ്പോൾ അർഹമായിരുന്ന എല്ലാ അലവൻസുകളും, ആനുകൂല്യങ്ങളും തുടർന്നും ലഭിക്കാൻ അർഹതയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ബസ്സുകളുടെ റണ്ണിംഗ് ടൈം</u>

2202 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാത്രാബസ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള പരമാവധി വേഗ പരിധി സിറ്റി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ ഡീലക്സ്, എയർബസ്സ് എന്നിവയ്ക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് റണ്ണിംഗ് ടൈം നിശ്ചയിച്ചിരിക്കുന്നത് ഈ വേഗപരിധി കണക്കാക്കിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) റണ്ണിംഗ് ടൈം കുറച്ച് നൽകിയിട്ടുള്ളതുകൊണ്ടാണ് അമിതവേഗതയിൽ ഓടിക്കേണ്ടിവരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി റണ്ണിംഗ് ടൈം വേഗപരിധിയുമായി ബന്ധപ്പെടുത്തി വർദ്ധിപ്പിച്ച് നൽകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ബോഡി നിർമ്മാണത്തിനായുള്ള ലോക്കൽ പർച്ചേസ്</u>

2203 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബോഡി നിർമ്മാണത്തിന്റെ ആവശ്യങ്ങൾക്കായി ലോക്കൽ പർച്ചേസ് വഴി കെ.എസ്.ആർ.ടി.സി. വാങ്ങലുകൾ നടത്തിയതിനെപ്പറ്റി ഓഡിറ്റ് വിഭാഗമോ വിജിലൻസ് വിഭാഗമോ ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ സാരാംശം എന്താണ്;

(ബി) മുൻസർക്കാരിന്റെ കാലത്ത് ബോഡി നിർമ്മാണം നടത്തിയ ഷാസികളുടെ എണ്ണവും, ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് ബോഡി നിർമ്മാണം നടത്തിയ ഷാസികളുടെ എണ്ണവും വ്യക്തമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ ലോക്കൽ പർച്ചേസ് നടത്തിയിട്ടുണ്ട്;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര രൂപയുടെ ലോക്കൽ പർച്ചേസ് നടത്തിയിട്ടുണ്ട്;

(ഇ) ഇതിന്റെ താരതമ്യത്തിൽ ലോക്കൽ പർച്ചേസിന്റെ വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

**അടൂർ, പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഷെഡ്യൂളുകളും അനുവദിച്ച പുതിയ ബസ്സുകളും**

2204

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ, പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിലവിൽ ഉള്ള അനുവദനീയ ഷെഡ്യൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) അനുവദനീയ ഷെഡ്യൂളുകളുടെ ഓപ്പറേഷന് വേണ്ട ബസുകളുടെ എണ്ണം സംബന്ധിച്ച വിവരം അറിയിക്കുമോ;

(സി) നിലവിൽ ഈ രണ്ടു ഡിപ്പോകളിൽ പ്രവർത്തനക്ഷമമല്ലാത്ത ബസുകളുടെ എണ്ണം അറിയിക്കുമോ;

(ഡി) ഈ സർക്കാർ നാളിതുവരെ പ്രസ്തുത ഡിപ്പോകൾക്കായി എത്ര പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ഇ) പുതിയതായി ബസുകൾ ഈ ഡിപ്പോകൾക്ക് അനുവദിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി ബസ് ടെർമിനലിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയുമായി ബന്ധപ്പെട്ട പരാതി</u>

2205 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. റ്റി. ഡി. എഫ്. സി. അങ്കമാലിയിൽ ബി. ഒ. ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രോജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ. എസ്. ആർ ടി. സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥലങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതു മൂലം ബിസിനസുകാർക്ക് ഉണ്ടാകുന്ന അസൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിവുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ബിസിനസ്സുകാർ പരാതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>എലത്തൂർ മണ്ഡലത്തിൽ പുതിയ ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടി</u>

2206

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ പുതുതായി ഏതെല്ലാം റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ് അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) എലത്തൂർ - പാവങ്ങാട് - അണ്ടിക്കോട് - അന്നശ്ശേരി - പാവണ്ടൂർ - കാക്കൂർ, പിസിപാലം - നരിക്കുനി എന്നീ റൂട്ടുകളിൽ പുതുതായി കെ.എസ്.ആർ.ടി.സി. ബസ് അനുവദിച്ചു കിട്ടാനുള്ള അപേക്ഷ കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റൂട്ടുകളിൽ എപ്പോൾ മുതൽ ബസ് അനുവദിക്കുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് - മംഗലാപുരം പാതയിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം</u>

2207 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - മംഗലാപുരം പാതയിൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ട് എന്നീ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതേ റൂട്ടിൽ സർവ്വീസ് നടത്തുന്ന കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസുകളിൽ വിദ്യാർത്ഥികൾക്ക് നിലവിൽ യാത്രാസൗജന്യം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വേഗപ്പൂട്ടിൽ കൃത്രിമം കാണിച്ചവർക്കെതിരെ നടപടി</u>

2208 ശ്രീ. വി. എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനായി ഘടിപ്പിക്കുന്ന വേഗപ്പൂട്ടിൽ കൃത്രിമം കാണിക്കുന്നു എന്ന വാർത്ത ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെങ്കിലും വാഹനത്തിൽ കൃത്രിമം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം വാഹനഉടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

സ്വകാര്യബസ്സുകളിൽ കൺസഷൻ അനുവദിക്കാൻ നടപടി

2209 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് സ്വകാര്യബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അർഹമായ കൺസെഷൻ നൽകാൻ ജീവനക്കാർ വിമുഖത കാണിക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പെൺകുട്ടികളുൾപ്പെടെയുള്ള വിദ്യാർത്ഥികളെ പരസ്യമായി അനാവശ്യചോദ്യങ്ങൾ ചോദിച്ച് അപമാനിച്ച് ബസിൽ കയറാൻ ഭയക്കുന്ന അവസ്ഥയിലെത്തിക്കുന്നത് പരിഗണിച്ചും, ഇത് കുട്ടികളിലുണ്ടാക്കുന്ന മാനസികാഘാതം കണക്കിലെടുത്തും കുറ്റക്കാർക്കെതിരെ അടിയന്തരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ നിർമ്മാണത്തിനായി വായ്പ</u>

2210 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ നിർമ്മാണത്തിനായി ഏത് ഏജൻസിയുടെ വായ്പ വാങ്ങണം എന്ന കാര്യത്തിൽ തീരുമാനം ആയിട്ടുണ്ടോ; എങ്കിൽ വായ്പ തുക എത്ര, പലിശ എത്ര; എത്ര കാലയളവിലേയ്ക്കാണ് വായ്പ വാങ്ങുന്നത്; ഇന്ത്യൻ രൂപയിൽ ഇന്നത്തെ നിലയിൽ പലിശ എത്ര ശതമാനമായിരിക്കും;

(ബി) വായ്പ ലഭിക്കാൻ സാധ്യതയുണ്ടായിരുന്ന മറ്റ് ഏജൻസികൾ ഏതെല്ലാമായിരുന്നു; ഏതെല്ലാം ഏജൻസികളുമായി ചർച്ച നടത്തുകയുണ്ടായി;

(സി) പലിശനിരക്ക് കുറവായ ദീർഘകാല വായ്പകളെ ആശ്രയിക്കുകയോ പൊതുവിപണിയിൽനിന്ന് ബോണ്ടുകളോ ഷെയറുകളോ മുഖേന ധനം സമാഹരിക്കാനോ സർക്കാർ ആലോചിച്ചിട്ടുണ്ടായിരുന്നോ;

(ഡി) ജപ്പാൻ നാഷണൽ ബാങ്കായ ജൈക്കയിൽ നിന്ന് കുറഞ്ഞ നിരക്കിൽ വായ്പ ലഭിക്കാനുള്ള സാധ്യത ഉണ്ടായിരുന്നുവോ; വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിലിന്റെ യോഗം</u>

2211 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, കെ. മുരളീധരൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഡിസംബറിൽ സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിലിന്റെ യോഗം നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്തത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തിന് ഗുണകരമാകുന്ന ഏതെല്ലാം ആവശ്യങ്ങളാണ് യോഗത്തിൽ ഉന്നയിച്ചത്; വിശദമാക്കുമോ;

(ഡി) യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങളുടെ തുടർ നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി

2212 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത ശ്രമത്തിൽ മദ്യപിച്ച് വാഹനമോടിക്കുന്ന ടെമ്പോ, ഓട്ടോ, കാർ, ബസ്സ് ഡ്രൈവർമാരെ പിടികൂടുന്നതിന് എന്തെങ്കിലും ഓപ്പറേഷൻ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തവണയെന്നും ഇതിൽ എത്ര പേർ മദ്യപിച്ചതായി കണ്ടെത്താനായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഇതു പ്രകാരം എത്ര പേരുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ടെന്നും ഇവരിൽ നിന്ന് പിഴ ഇനത്തിൽ എന്ത് തുക ഈടാക്കിയെന്നും വിശദമാക്കുമോ;

(ഡി) ഇത്തരം നടപടികളിൽ നിന്ന് കെ.എസ്.ആർ.ടി.സി. വാഹനമോടിക്കുന്ന ഡ്രൈവർമാരെ ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇത്തരക്കാരിൽ നിന്ന് എന്ത് തുക പിഴ ഇനത്തിൽ ഈടാക്കി; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

വാഹനങ്ങളിലെ ഗ്ലാസ്സിന്റെ സുതാര്യത

2213 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഗ്ലാസ്സിന്റെ സുതാര്യത സംബന്ധിച്ച നിയമം കർശനമായി നടപ്പാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) വി.വി.ഐ.പി. കളുടേതല്ലാത്ത സർക്കാർ വാഹനങ്ങൾക്ക് ഈ നിയമത്തിൽ ഇളവനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വാഹനങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിയമം നടപ്പാക്കാൻ നടപടി സ്വീകരിച്ച ശേഷം ചില സർക്കാരിതര വാഹനങ്ങളിൽ കർട്ടനുകളും അതുപോലുള്ള മറ്റു വസ്തുക്കളുമുപയോഗിച്ച് മറച്ച് നിയമലംഘനം നടത്തുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇതിനായി പല ഉദ്യോഗസ്ഥരും സർക്കാർ പണം ദുരുപയോഗം ചെയ്ത കാര്യം ഗൗരവപൂർവ്വം പരിശോധിക്കുമോ;

(ഇ) നിയമത്തിന്റെ നടത്തിപ്പ് ഉദ്യോഗസ്ഥർ തന്നെ അട്ടിമറിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ ആവശ്യമെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തി നിയമ പാലനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ഹെൽമറ്റില്ലാത്തവർക്കെതിരെ കേസ്

2214 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽമറ്റില്ലാതെ ഇരുചക്രവാഹനമോടിച്ചവർക്കെതിരെ ഈ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഹെൽമറ്റില്ലാതെ അമിത വേഗതയിൽ സഞ്ചരിച്ച എത്ര പേരുടെ ലൈസൻസുകളാണ് റദ്ദ് ചെയ്തിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് മോട്ടോർ വാഹനവകുപ്പിന് പിഴ ഇനത്തിൽ എത്ര രൂപ കിട്ടിയിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സി. എ. ജി. പരിശോധനയ്ക്കുള്ള തടസ്സങ്ങൾ</u>

2215 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗാതഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗതാഗതവകുപ്പിന്റെ വരവു ചെലവുകണക്കുകൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ പരിശോധനയ്ക്കു വിധേയമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ചങ്ങനാശ്ശേരി ആലപ്പുഴ റോഡിൽ വേഗത നിരീക്ഷണ ക്യാമറകൾ

T.2216 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ആലപ്പുഴ റോഡിൽ വാഹനങ്ങളുടെ വേഗത നിരീക്ഷിക്കുന്നതിന് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവ പ്രവർത്തനക്ഷമമാണോ ;

(ബി) പ്രവർത്തനക്ഷമമല്ലെങ്കിൽ പ്രസ്തുത ക്യാമറകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വൈക്കം - ബ്രഹ്മമംഗലം ബോട്ട് സർവ്വീസ് സാദ്ധ്യതാപഠനം</u>

2217

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം - ബ്രഹ്മമംഗലം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേ നടപടികൾ പൂർത്തിയായോ;

(സി) ഈ റൂട്ടിൽ എവിടെയെല്ലാം സ്റ്റേഷനുകൾ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വീസ് എന്നു തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>അവധി അനുവദിക്കാൻ നടപടി</u>

2218 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിനുകീഴിലുള്ള ജീവനക്കാർക്ക് 'രണ്ടാം ശനി അവധി' അനുവദിക്കാത്തതിന് എന്താണ് കാരണമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി അനുവദിക്കുന്നത് പരിഗണിക്കുമോ;

(സി) ജീവനക്കാർക്ക് അവധിദിനത്തിലെ ജോലിക്കുപകരം കോമ്പൻസേറ്ററി അവധി അനുവദിക്കുന്നത് പരിഗണിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 13.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.